# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1185**.

**02-05-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയുടെ വികസനത്തിന് പദ്ധതികൾ

**ചോദ്യം**
ശ്രീ.കെ.വി.വിജയദാസ്
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2016-2017 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.<br>1.സുസ്ഥിര നെൽകൃഷി വികസനം.<br>2.വികസന ഏജൻസികൾക്കുള്ള ഫണ്ട്.<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം.<br>4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5.കരനെൽകൃഷി വികസനം.<br>6.തരിശുനിലങ്ങളിൽ നെൽകൃഷി<br>7.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായുള്ള ധനസഹായം.<br>8.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ).<br>9.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി. |
| (ബി) | തരിശുഭൂമി കൃഷിയോഗ്യമാക്കി നെൽകൃഷി ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | 2017-2018 വർഷം തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2957 ഹെക്ടറിന് (25,000/- രൂപ കർഷകനും 5000/- രൂപ ഭൂ ഉടമയ്ക്കും) 887 ലക്ഷം രൂപയും 2016-2017 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ |

| | | | |
|---|---|---|---|
| | | | ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000/- (5800/- രൂപ കർഷകനും 1200/- രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുംപുറമെ തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തല അവാർഡ് (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടുടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി) നൽകുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ഡാറ്റാബാങ്ക് വാലിഡേഷൻ പദ്ധതി പ്രകാരം കെ.എസ്.ആർ.ഇ.സി. യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-2018 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളിൽ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | നെൽകൃഷി വികസനം സംബന്ധിച്ച് പാടശേഖര സമിതികൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ